**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 52</u>** **<u>16-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളിലെ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യതാപഠനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മണ്ണിടിച്ചിൽ സാധ്യതയുള്ളതായി കണ്ടെത്തിയ തൃശ്ശൂർ ജില്ലയിൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളിൽ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉരുൾപൊട്ടൽ ഉപദേശക സമിതി പഠനം നടത്തിയിട്ടുണ്ട്.<br><br>റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മണ്ണിടിച്ചിൽ സാധ്യതാ ഭൂപടത്തിലെ ഇടത്തരം സാധ്യതാ മേഖലയെ (medium susceptible zone) മറികടക്കുന്ന സർവേ നമ്പറുകളുള്ള പ്ലോട്ടുകൾ നിർമ്മാണ നിരോധന മേഖലയായി (no construction zone) കണക്കാക്കേണ്ടതാണ്.<br><br>2) പഠന മേഖലയിലെ മണ്ണിടിച്ചിൽ സാധ്യതാ ഭൂപടം, പഠന മേഖലയിലെ റാസ്റ്റർ ഇമേജുമായി കൃത്യമായി പൊരുത്തപ്പെടാത്തതിനാൽ, ഒരു ബദൽ രീതിയും സ്വീകരിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് ഉണ്ടായ മണ്ണിടിച്ചിലിന്റെ പരമാവധി റൺഔട്ട് നീളം 578 മീറ്ററാണെന്ന് കണക്കിലെടുത്ത്, കുന്നിന്റെ തരിശുനിലത്തിൽ നിന്നോ പാറക്കെട്ടുകളുടെ അഭാവത്തിൽ കുന്നിന്റെ ക്രെസ്റ്റ് ലൈനിൽ നിന്നോ 600 മീറ്റർ നീളം ഒരു ബഫറായി എടുത്ത് ഡിജിറ്റൽ എലവേഷൻ മാപ്പിൽ (DEM) പ്ലോട്ട് ചെയ്തു. ഈ മേഖലയ്ക്ക് മുകളിലുള്ള സർവേ നമ്പറുകളുള്ള ഭൂമി കൈവശങ്ങളും നിർമ്മാണ നിരോധന മേഖലയായി കണക്കാക്കും.<br><br>3) ഈ രണ്ട് മേഖലകളിലും സർവേ നമ്പറുള്ള പ്ലോട്ടുകൾ 'നിർമ്മാണ നിരോധന മേഖല'യായി കണക്കാക്കപ്പെടുന്നു. ഇത് ഏകദേശം 9.23 സ്ക്വയർ കിലോമീറ്റർ വരും. |

| | | | |
|---|---|---|---|
| | | | 4) ഇതൊരു പ്രാഥമിക പഠനമായതിനാൽ, മണ്ണിടിച്ചിലിന് സാധ്യതയുള്ള സ്ഥലങ്ങൾ കൃത്യമായി വേർതിരിക്കുന്നതിനായി വിശദമായ ഒരു മണ്ണിടിച്ചിലിനുള്ള സാധ്യതാ മാപ്പിംഗ് നടത്താൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>5) റിപ്പോർട്ട് ശുപാർശ ചെയ്തതുപോലെ ആഴത്തിലുള്ള പഠനം നടത്തുന്നതുവരെ നിർദ്ദേശിച്ചിരിക്കുന്ന 'നിർമ്മാണം നിരോധന മേഖല' സാധുവായിരിക്കും.<br><br>6) മണ്ണിടിച്ചിലിന് സാധ്യതയുള്ള പ്രദേശങ്ങളിൽ യാതൊരു പിന്തുണയും ഇല്ലാതെ 'കട്ട് ആൻഡ് ഫിൽ രീതി' ഉപയോഗിച്ചുള്ള വീടുകളുടെ നിർമ്മാണം ഒഴിവാക്കേണ്ടതാണ്. |
| (ബി) | ഏത് ഏജൻസിയാണ് സാധ്യതാപഠനം നടത്തിയിട്ടുള്ളതെന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കുമോ; | (ബി) | ഉണ്ട്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉരുൾപൊട്ടൽ ഉപദേശക സമിതി പഠനം നടത്തിയിട്ടുണ്ട്.<br><br>റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മണ്ണിടിച്ചിൽ സാധ്യതാ ഭൂപടത്തിലെ ഇടത്തരം സാധ്യതാ മേഖലയെ (medium susceptible zone) മറികടക്കുന്ന സർവേ നമ്പറുകളുള്ള പ്ലോട്ടുകൾ നിർമ്മാണ നിരോധന മേഖലയായി (no construction zone) കണക്കാക്കേണ്ടതാണ്.<br><br>2) പഠന മേഖലയിലെ മണ്ണിടിച്ചിൽ സാധ്യതാ ഭൂപടം, പഠന മേഖലയിലെ റാസ്റ്റർ ഇമേജുമായി കൃത്യമായി പൊരുത്തപ്പെടാത്തതിനാൽ, ഒരു ബദൽ രീതിയും സ്വീകരിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് ഉണ്ടായ മണ്ണിടിച്ചിലിന്റെ പരമാവധി റൺഔട്ട് നീളം 578 മീറ്ററാണെന്ന് കണക്കിലെടുത്ത്, കുന്നിന്റെ തരിശുനിലത്തിൽ നിന്നോ പാറക്കെട്ടുകളുടെ അഭാവത്തിൽ കുന്നിന്റെ ക്രെസ്റ്റ് ലൈനിൽ നിന്നോ 600 മീറ്റർ നീളം ഒരു ബഫറായി എടുത്ത് ഡിജിറ്റൽ എലവേഷൻ മാപ്പിൽ (DEM) പ്ലോട്ട് ചെയ്തു. ഈ മേഖലയ്ക്ക് മുകളിലുള്ള സർവേ നമ്പറുകളുള്ള ഭൂമി കൈവശങ്ങളും നിർമ്മാണ നിരോധന മേഖലയായി കണക്കാക്കും.<br><br>3) ഈ രണ്ട് മേഖലകളിലും സർവേ നമ്പറുള്ള പ്ലോട്ടുകൾ 'നിർമ്മാണ നിരോധന മേഖല'യായി കണക്കാക്കപ്പെടുന്നു. ഇത് ഏകദേശം 9.23 സ്ക്വയർ കിലോമീറ്റർ വരും. |

| | | | |
|---|---|---|---|
| | | | 4) ഇതൊരു പ്രാഥമിക പഠനമായതിനാൽ, മണ്ണിടിച്ചിലിന് സാധ്യതയുള്ള സ്ഥലങ്ങൾ കൃത്യമായി വേർതിരിക്കുന്നതിനായി വിശദമായ ഒരു മണ്ണിടിച്ചിലിനുള്ള സാധ്യതാ മാപ്പിംഗ് നടത്താൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>5) റിപ്പോർട്ട് ശുപാർശ ചെയ്തതുപോലെ ആഴത്തിലുള്ള പഠനം നടത്തുന്നതുവരെ നിർദ്ദേശിച്ചിരിക്കുന്ന 'നിർമ്മാണം നിരോധന മേഖല' സാധുവായിരിക്കും.<br><br>6) മണ്ണിടിച്ചിലിന് സാധ്യതയുള്ള പ്രദേശങ്ങളിൽ യാതൊരു പിന്തുണയും ഇല്ലാതെ 'കട്ട് ആൻഡ് ഫിൽ രീതി' ഉപയോഗിച്ചുള്ള വീടുകളുടെ നിർമ്മാണം ഒഴിവാക്കേണ്ടതാണ്. |
| (സി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉരുൾപൊട്ടൽ ഉപദേശക സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ നിർമ്മാണ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിൽ പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ ? | (സി) | ഉരുൾപൊട്ടൽ ഉപദേശക സമിതി റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ജിയോളജിക്കൽ സർവെ ഓഫ് ഇൻഡ്യയുടെ പഠനത്തിനായി ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുള്ളതാണ്. അവരുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ